**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2935** **03-08-2021 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ട്രാഫിക് സിഗ്നലുകൾ രാത്രികാലങ്ങളിൽ അണയ്ക്കുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ? | (എ) | ഉണ്ട്. 2018- ൽ നടത്തിയ റോഡപകടങ്ങളുടെ വിശകലനപ്രകാരം ചരക്കു ഗതാഗത വാഹനങ്ങൾ അധികമുള്ള ഹൈവേകളിലെ അനിയന്ത്രിത കവലകളിലാണ് രാത്രികാല അപകട മരണങ്ങളും, മാരകവും ഗുരുതരവുമായ പരിക്കുകളും ഉണ്ടാകുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി വിളിച്ചുചേർത്ത യോഗത്തിൽ, ട്രാഫിക് സിഗ്നലുകൾ 24x7 പ്രവർത്തിപ്പിക്കാൻ തീരുമാനമായി. ഇതിനെതുടർന്ന് ട്രാഫിക് സിഗ്നലുകൾ 24x7 പ്രവർത്തിപ്പിക്കണമെന്നും, രാത്രി സമയങ്ങളിൽ ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നലുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുകയാണെങ്കിൽ അത് സാങ്കേതികമായി വിലയിരുത്തുകയും ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ